(ബി) ഗ്രാഫയിറ്റ് പെൻസിൽ നിർമ്മാണത്തിനു ഉപയോഗമുള്ളതല്ലേ ;

(സി) അതുകൊണ്ട് പ്രസ്തുത സ്ഥലത്തു് ഒരു പെൻസിൽ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി സർക്കാർ ആലോചിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) കിഴാറ്റിങ്ങൽപകുതിയിൽ ഗ്രാഫയിറ്റ് ഉണ്ടെന്നറിയാം. അവിടെ ധാരാളം ഗ്രാഫയിറ്റ് കിട്ടാൻ സാദ്ധ്യതയുണ്ടെന്നു ഗവണ്മെന്റിനു ബോദ്ധ്യമില്ല.

(ബി) അതേ.

(സി) ഈ രാജ്യത്തു ഗ്രാഫയിറ്റ് ഖനനത്തിന്റെ സാദ്ധ്യതകളെപ്പറ്റി ജിയോളജിക്കൽ സർവ്വെ ആഫ് ഇൻഡ്യാ പരിശോധിച്ചുകൊണ്ടിരിക്കയാണ്. വിശദവിവരങ്ങൾ ലഭിച്ചതിനുശേഷം ഗവണ്മെന്റ് ഇക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. യു. നീലകണ്ഠൻ : അങ്ങിനെ ഗ്രാഫയിറ്റ് അവിടെ ഉണ്ടെങ്കിൽ ഒരു പെൻസിൽ ഫാക്ടറി അവിടെ സ്ഥാപിക്കാൻ സാദ്ധ്യതയില്ലേ ?

ശ്രീ. എ. എ. റഹിം : അതിനു ഗ്രാഫയിറ്റ് മാത്രമല്ല വേണ്ടതു്. മറ്റു പലതിന്റെയും അടിസ്ഥാനത്തിലേ അതു സാധിക്കുകയുള്ളൂ.

ഭവനനിർമ്മാണം.

* 139. [11] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) റിസെറ്റിൽമെന്റ് സ്കീമനുസരിച്ചു് സ്റ്റേറ്റിനു നിർമ്മിച്ചിട്ടുള്ള വീടുകൾ എത്ര ;

(ബി) ചിറയിൻകീഴതാലൂക്കിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര; നിർമ്മിച്ച വീടുകൾ എത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) സെറ്റിൽമെന്റ് പദ്ധതിയനുസരിച്ചു് 845 വീടുകൾ നിർമ്മിച്ചിട്ടുണ്ടു്.

(ബി) ഏതാണ്ടു് അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. എണ്ണം തിട്ടപ്പെടുത്താൻ നിവൃത്തിയില്ല. നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം 17 .

ശ്രീ. കെ. കരുണാകരൻ : നിർമ്മിച്ചിട്ടുള്ള വീടുകളിലെല്ലാം ആളുകൾ താമസിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly